## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6236** **10-07-2024 - ൽ മറുപടിയ്ക്ക്**

## ആർ.കെ.ഡി.പി. പ്രകാരം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആർ.കെ.ഡി.പി. പ്രകാരം വനാതിർത്തിയിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നടപ്പിലാക്കുന്നുണ്ട് . മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനാന്തരങ്ങളിൽ താമസിക്കുന്നവർക്ക് സ്വയം സന്നദ്ധമായി മാറി താമസിക്കുവാനുള്ള പദ്ധതിയാണിത്. പദ്ധതിയുടെ അംഗീകൃത മാർഗരേഖ പ്രകാരം പ്രസ്തുത പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. |
| (ബി) | എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയാണ് ഇത്തരം കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നത്; വിശദമാക്കാമോ; | (ബി) | കേരള വനം-വന്യജീവി വകുപ്പ് റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ/ കിഫ്ബി ഫേസ് II എന്നീ സർക്കാർ പദ്ധതികൾ വിനിയോഗിച്ച് വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര ജനവിഭാഗങ്ങൾക്ക് മാറി താമസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഭൂവിസ്തൃതിക്ക് ഉപരിയായി അപ്രകാരമുള്ള പ്രദേശത്തു താമസിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഒറ്റപ്പെട്ട വനാന്തരങ്ങളിൽ താമസിക്കുന്ന വ്യക്തികൾക്ക് യൂണിറ്റ് ഒന്നിന് ലഭിക്കുന്ന 15 ലക്ഷത്തിനുപരിയായി അപേക്ഷയിൽ ആശ്രിതനായി കൂടെ താമസിക്കുന്ന പ്രായപൂർത്തിയായ മകൻ, മകൾ, സഹോദരൻ, സഹോദരി, വിധവ, വിവാഹമോചിത, അനാഥൻ, അംഗവൈകല്യമുള്ളവർ എന്നിവരും ഓരോ ഉപയൂണിറ്റിന് അർഹരാണ്.<br><br>• കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ. |

| | | | |
|---|---|---|---|
| | | | • ഒരു കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നു .<br><br>1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.<br><br>2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.<br><br>3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)<br><br>4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.<br><br>5. വിധവ അല്ലെങ്കിൽ വിവാഹമോചിത.<br><br>• രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.<br>• വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തും .<br>• രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കും . |
| (സി) | വാമനപുരം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | നടപ്പിലാക്കിയിട്ടില്ല |

സെക്ഷൻ ഓഫീസർ